**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2420** **17-03-2022 - ൽ മറുപടിയ്ക്ക്**

**മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാതെ സംസ്ഥാനത്ത് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാതെ സംസ്ഥാനത്ത് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല; |
| (ബി) | അമിത പലിശ ഈടാക്കി ജനങ്ങളെ പ്രത്യേകിച്ച് സ്ത്രീകളെ ചൂഷണം ചെയ്യുന്ന ഇത്തരം ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാത്ത ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ഓൺലൈനിലും മറ്റും അനധികൃതമായി പണമിടപാടുകൾ നടത്തി കബളിപ്പിക്കുന്നവർക്കെതിരെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നിരന്തരം മുന്നറിയിപ്പുകൾ നൽകിയും ജനമൈത്രി പോലീസിംഗ് സംവിധാനം വഴിയും പഞ്ചായത്തുകളിൽ കുടുംബശ്രീ, മറ്റ് സംഘടനകൾ മുഖേനയും ഇത്തരം തട്ടിപ്പുകൾക്കെതിരായ ബോധവൽക്കരണങ്ങൾ നടത്തി വരുന്നു. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ അമിതമായി പലിശ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇത്തരക്കാർക്കെതിരെ കേരള മണി ലെൻഡിംഗ് ആക്ട് പ്രകാരവും നിലവിലുള്ള മറ്റ് നിയമങ്ങൾക്കനുസൃതമായും കർശന നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ